പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 452 19.03.2013 -ൽ മറുപടിക്ക്

ഡീസൽവിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

ചോദ്യം

ശ്രീമതി. കെ.എസ്.സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. അതിരൂക്ഷമായ സാമ്പത്തികപ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിമാസവരവുചെലവ് അന്തരം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രതിമാസം 94 കോടി രൂപയുടെ അന്തരമുണ്ട്. |
| (ബി) | എങ്കിൽ, ഈ പ്രതിസന്ധി പരിഹരിക്കുവാൻ മാർച്ച് 4, 5 തീയതികളിൽ മന്ത്രിസഭാംഗങ്ങൾ ഡൽഹിയിൽ നടത്തിയ ചർച്ചയിൽ എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ സമീപനം പ്രതീക്ഷിക്കുന്നു. |
| (സി) | ഡീസൽവില മാത്രമല്ല കെ.എസ്.ആർ.ടി.സിയെ തകർച്ചയിലേക്കു നയിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ, ഇതു പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസലിന് പ്രതിവർഷം സൂപ്പർ ടാക്സും, സർവ്വീസ് ടാക്സുമായി ഈടാക്കുന്ന 24% വാണിജ്യനി | (ഡി) യും (ഇ) യും | ഇക്കാര്യങ്ങളിൽ സർക്കാർ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| | കുതിയായ ഏകദേശം 260 കോടി രൂപ കുറവു വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | | |
| (ഇ) | പ്രതിമാസം 32 കോടി രൂപ വരുന്ന പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | ഡീസൽവിലവർദ്ധനവിൽ നിന്നും മുക്തി നേടാൻ പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിച്ച് കെ. എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ബസ്സുകൾ ഓടിക്കാനാവുമെന്നു കരുതുന്നുണ്ടോ; ആയതു പ്രാവർത്തികമാക്കുവാൻ എത്ര വർഷം വേണ്ടിവരുമെന്നാണു കണക്കാക്കുന്നത്? | (എഫ്) | കെ.എസ്.ആർ.ടി.സി. ക്ക് 6,000-നുമേൽ ബസ്സുകളുണ്ട്. സമതല പ്രദേശമാണ് CNG ബസ്സുകൾ ഓടിക്കുന്നതിന് കൂടുതൽ അനുയോജ്യം. ആയതിനാൽ എല്ലാ ബസ്സുകളും CNG -യിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമല്ല. മൂന്ന് വർഷത്തിനു താഴെ പഴക്കമുള്ളവ CNG -യിലേയ്ക്ക് മാറ്റുന്നതാണ് അഭികാമ്യം. ഇതിനായി ബസ്സൊന്നിന് നാല് ലക്ഷം രൂപ ചെലവ് വരും. ബസ്സുകൾ മാറ്റുന്നതിനൊപ്പം തന്നെ CNG സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിനാൽ ഈ നടപടികൾക്കാവശ്യമായ കൃത്യമായ സമയ ദൈർഘ്യം ഇപ്പോൾ പറയാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ